⇨ ചരിത്രത്തിലെ ആ വഞ്ചകർ അതേ റോളിൽ ഇപ്പോഴും തുടരുന്നു എന്ന സൂചനയാണിത് ⇨

**ആദിവാസി** - ദളിത് വിഭാഗങ്ങളോട് അധികാരി വർഗം ചെയ്ത വഞ്ചനകൾ, ചരിത്രത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ഭൂമിയുമായി ബന്ധപ്പെട്ട വഞ്ചനയുടെ പുതിയ പതിപ്പുകൾ ഇന്നും ആ കൂട്ടത്തിലേക്ക് എഴുതിച്ചേർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും ഭൂമി നൽകിയെന്നും ഭൂരഹിതരുടെ പ്രശ്നങ്ങൾ പരിഹരിച്ചെന്നും സർക്കാർ പ്രചരിപ്പിക്കുമ്പോൾ യാഥാർത്ഥ്യം മറുവശത്ത് ദാരുണമാംവിധം നിൽക്കുകയാണ്. എവിടെ ഭൂമി നൽകി, എങ്ങനെയുള്ള ഭൂമി നൽകി, അവർ അവിടെ എങ്ങനെ ജീവിക്കുന്നു തുടങ്ങിയ ചോദ്യങ്ങളുണ്ടാകാനുള്ള സാധ്യതകളെ അധികാരികൾ മനഃപൂർവം റദ്ദ്ചെയ്യുന്നു. ഈ ചോദ്യങ്ങളെ അഭിസംബോധന ചെയ്യാത്തിടത്തോളം പ്രശ്നങ്ങൾ രൂക്ഷമായിത്തന്നെ നിലനിൽക്കുമെന്ന ഓർമ്മപ്പെടുത്തലാണ് ചെങ്ങറ സമരത്തെ തുടർന്ന് ഭൂമി നൽകി പുനരധിവസിപ്പിച്ചവരുടെ ഇന്നത്തെ അവസ്ഥ.

# ഭൂമി ലഭിച്ച ചെങ്ങറ സമരക്കാർ കബളിപ്പിക്കപ്പെട്ടത് എങ്ങനെ?

ചെങ്ങറ ഭൂസമര പ്രവർത്തകർക്ക് വേണ്ടി സർക്കാർ നിശ്ചയിച്ച പാക്കേജ് സ്വീകരിച്ച്, കൃഷിഭൂമിയെന്ന ആവശ്യം യാഥാർത്ഥ്യമാകുന്നതും സ്വപ്നം കണ്ട് യാത്രതുടങ്ങിയവരുടെ ദാരുണാവസ്ഥകൾ വെളിപ്പെടുത്തുന്ന റിപ്പോർട്ട്. ചെങ്ങറ പാക്കേജിനാൽ വഞ്ചിതരായവർ കൊല്ലം ജില്ലയിലെ അരിപ്പയിൽ വീണ്ടും ഭൂസമരം തുടങ്ങിയപ്പോഴും അവിടെയൊന്നും എത്തിച്ചേരാൻ പോലുമാകാതെ ദുരിതത്തിൽ കഴിയുന്നവരുടെ ജീവിതാവസ്ഥകൾ.

**കെ. സന്ദീപ്**

സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും ഭരണകൂട- കക്ഷി രാഷ്ട്രീയത്തിന്റെ സഹായത്തോടെ അടിസ്ഥാന വിഭാഗങ്ങൾക്കെതിരെ നടത്തിയ സംഘടിത നീക്കങ്ങൾ ഭൂമി അന്യാധീനപ്പെട്ടതിന്റെ ചരിത്രത്തിൽ വായിച്ചെടുക്കാവുന്നതാണ്. ഇത്തരം സംഘടിത നീക്കങ്ങളെ തിരിച്ചറിയുകയും രാഷ്ട്രീയപരമായി തന്നെ ഭരണകൂടവുമായി സംഭാഷണത്തിൽ ഏർപ്പെടുകയുമാണ് ഓരോ ആദിവാസി- ദളിത് മുന്നേറ്റങ്ങളും. എന്നാൽ ഇത്തരം മുന്നേറ്റങ്ങളെയും മറു ചോദ്യങ്ങളെയും പരാജയപ്പെടുത്താനുള്ള തീവ്രശ്രമങ്ങൾ പലഭാഗത്തു നിന്നും തുടർന്നു കൊണ്ടേയിരിക്കുന്നുണ്ട്. ചരിത്രത്തിലെ ആ വഞ്ചകർ അതേ റോളിൽ ഇപ്പോഴും തുടരുന്നു എന്നുള്ളതിന്റെ തെളിവാണിത്. ആദിവാസി- ദളിത് രാഷ്ട്രീയ മുന്നേറ്റങ്ങൾ ഒരേ സമയം ചരിത്രത്തിലെ പിഴവുകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നതോടൊപ്പം ഭൂപ്രശ്നത്തിലെ ഭരണകൂടനിലപാടുകളുടെ കപടതകളെക്കൂടി ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ട്. ഇവരൊക്കെ ഇങ്ങനെ ജീവിച്ചാൽ മതിയെന്ന നിലപാടാണ് അധികാരമുള്ള മധ്യ-ഉപരി വർഗ സമൂഹത്തിന്. ഭൂമി ആദിവാസി-ദളിത് ജനവിഭാഗത്തിന് അവകാശപ്പെട്ടതാണെന്ന വസ്തുത മറച്ചുപിടിച്ച്, അതിന് ഔദാര്യത്തിന്റെ മണം പുരട്ടിവെക്കാനുള്ള

*➪ വീട് നിർമ്മാണത്തിനുള്ള തുക പിന്നീട് വർദ്ധിപ്പിച്ച് നൽകിയെങ്കിലും അതും അപര്യാപ്തമായിരുന്നു ➪*



സാറക്കുട്ടിയും പൊടിക്കുട്ടിയും പേരമക്കളും പെരിങ്ങോം പുനരധിവാസ പ്രദേശത്ത്

ബോധപൂർവ്വമായ ശ്രമമാണ് നടക്കുന്നത്. ഇവിടെയാണ് ഭരണകൂടത്തിന്റെ ആദിവാസി-ദളിത് വിരുദ്ധ സ്വഭാവം പുറത്തു വരുന്നത്.

മുത്തങ്ങയ്ക്കും ചെങ്ങറയ്ക്കും ശേഷം ഭൂമിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളുടെ മറ്റൊരു പ്രദേശമായി അരിപ്പ മാറിയിരിക്കുന്നു. ഭൂരഹിതരായ ആയിരത്തി അഞ്ഞൂറിലധികം കുടുംബങ്ങൾ കഴിഞ്ഞ ആറ് മാസത്തോളമായി സമരഭൂമിയിലാണ്. പരിഹരിക്കപ്പെട്ടു എന്ന് കൊട്ടിഘോഷിച്ച പലതിന്റെയും അകം പൊള്ളയായിരുന്നു എന്നതിന്റെ തിരിച്ചറിവിൽ നിന്നാണ് മുത്തങ്ങയ്ക്ക് ശേഷം ചെങ്ങറയും അതിനെത്തുടർന്ന് അരിപ്പയും സംഭവിക്കുന്നത്. ചെങ്ങറ സമരത്തിലെ പലരും അരിപ്പയിലെ സമരമുഖത്തും മുദ്രാവാക്യങ്ങളുമായി എത്തിയിരിക്കുന്നതിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്. ചെങ്ങറ പുനരധിവാസ പാക്കേജിൽപ്പെടുത്തി സർക്കാർ നൽകിയ ഭൂമിയിൽ ജീവിതം സാധ്യമാവാതെ കഴിയേണ്ടിവന്നതിന്റെ വേദനിപ്പിക്കുന്ന ഓർമ്മയിലാണ് ഇവിടെയെത്തിയ ഓരോ സമര പങ്കാളിയും.

അരിപ്പയിൽ ഭൂസമരത്തിന്റെ പുതിയ അധ്യായം തുറക്കപ്പെട്ടെങ്കിലും ഇനിയൊരു സമരത്തിന് ശേഷിയില്ലാതെ ചെങ്ങറ പാക്കേജിൽ ലഭിച്ച തരിശുഭൂമിയിൽ കഴിയുന്ന കുടുംബങ്ങൾ കേരളത്തിന്റെ വിവിധ ജില്ലകളിലുണ്ട്. പല വാഗ്ദാനങ്ങളും നിറച്ച് ചെങ്ങറ സമരം 'ഗംഭീര'മായി ഒത്തുതീർപ്പാക്കുമ്പോൾ ഇങ്ങനെയൊരു ചതി ഈ മനുഷ്യർ പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. പുനരധിവാസമെന്ന പേരിൽ സർക്കാർ ചെയ്ത കൊടും വഞ്ചനയുടെ തെളിവുകൾ ഓരോ പ്രദേശവും അവിടത്തെ മനുഷ്യരും കാട്ടിത്തരുന്നു. സർക്കാരിന്റെ വാക്ക് വിശ്വസിച്ച് പുതിയൊരു ജീവിതം തേടിപ്പോയ എത്രയെത്ര കുടുംബങ്ങളാണ് പുതിയ മണ്ണിൽ നിസഹായരായി ജീവിക്കുന്നത്. ഉപരോധങ്ങളും ആക്രമണങ്ങളുമടക്കം കയ്പേറിയ അനുഭവങ്ങളാണ് ചെങ്ങറ സമരത്തിലും ഭൂരഹിതർക്ക് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് തൃപ്തികരമല്ലാതിരുന്നിട്ടും സമരം ഒത്തുതീർക്കാൻ സർക്കാർ തീരുമാനിച്ച വ്യവസ്ഥകൾ ഭൂരഹിതർക്ക് അംഗീകരിക്കേണ്ടി വന്നത്. സംസ്ഥാനത്തെ പത്ത് ജില്ലകളിൽ 831.03 ഏക്കർ ഭൂമി കണ്ടെത്തി 1495 കുടുബങ്ങളെ പുനരധിവസിപ്പിക്കുമെയിരുന്നു സർക്കാർ നൽകിയ ഉറപ്പ്. പട്ടിക വർഗ വിഭാഗക്കാർക്ക് ഒരേക്കറും വീട് നിർമ്മിക്കാൻ 1,20,000 രൂപയും പട്ടിക ജാതി വിഭാഗങ്ങൾക്ക് 50 സെന്റും 1,00,000 രൂപയും മറ്റ് വിഭാഗങ്ങൾക്ക് 25 സെന്റും 75,000 രൂപയും കൂടാതെ വിദ്യാഭ്യാസ സൗകര്യം, റോഡ്, ആശുപത്രി, വൈദ്യുതി തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും സർക്കാർ വ്യവസ്ഥയിൽ പറയുന്നു (വീട് നിർമ്മാണത്തിനുള്ള തുക പിന്നീട് വർദ്ധിപ്പിച്ച് നൽകിയെങ്കിലും അതും അപര്യാപ്തമായിരുന്നു).

ഒത്തുതീർപ്പ് വ്യവസ്ഥകളോട് യോജിപ്പുണ്ടായിരുന്നില്ലെങ്കിലും അത് സ്വീകരിക്കാൻ

സമരക്കാർ നിർബന്ധിതരാകുകയായിരുന്നു. ആഘോഷത്തോടെ ഭൂമിയുടെ പട്ടയ വിതരണം നടത്തിയാണ് സർക്കാർ ഭൂരഹിതരെ സമരഭൂമിയിൽ നിന്നും ഇറക്കിവിട്ടത്. ജീവിതത്തിന്റെ നല്ലൊരു ഭാഗം റോഡ്- തോട് പുറമ്പോക്കുകളിൽ അന്യവൽക്കരിക്കപ്പെട്ട് കഴിഞ്ഞതിൽ നിന്ന് ഏറെയൊന്നും വ്യത്യസ്തമായിരുന്നില്ല പുനരധിവാസ മേഖലയിലും ഇവരുടെ സ്ഥിതി. ഒത്തുതീർപ്പ് വ്യവസ്ഥയുടെ പ്രത്യക്ഷമായ ലംഘനങ്ങളാണ് പാക്കേജിന്റെ നടപ്പാക്കൽ സമയത്ത് ഉണ്ടായിട്ടുള്ളത്. കൃഷിയോഗ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിൽ ഗുരുതരമായ വീഴ്ചയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായത്. പുല്ലുപോലും മുളയ്ക്കാത്ത പാറ പ്രദേശങ്ങളും കുന്നിൻ ചെരിവുകളും പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളുമാണ് ഇവരെ വരവേറ്റത്. താമസിക്കാനുള്ള കൃത്യമായ സ്ഥലം കാണിച്ചു കൊടുക്കാതെ നിരന്നു കിടക്കുന്ന പാറപ്രദേശങ്ങളിൽ ഭൂരഹിതരെ ഉപേക്ഷിക്കുകയായിരുന്നു. വ്യത്യസ്ത സാമൂഹിക പരിസരങ്ങളിൽ കഴിഞ്ഞ്, പരിചിതമല്ലാത്ത സ്ഥലത്ത് എത്തിപ്പെട്ട ഇവരുടെ മനോവിഷമങ്ങൾ പോലും വളരെ നിസാരമായാണ് വിലയിരുത്തപ്പെട്ടത്. സർക്കാരും അധികാരത്തിൽ പങ്കാളിത്തമുള്ള ജനങ്ങളും സംഘടിതമായി, ഒരു പ്രതികാര മനോഭാവത്തിൽ നടത്തിയ നീക്കമായി വേണം ഇതിനെ കണക്കാക്കാൻ.

**പെരിങ്ങോം:**
**ഒറ്റപ്പെട്ടു പോയ മൂന്ന് കുടുംബങ്ങൾ**

കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് 32 കുടുംബങ്ങൾക്കായി പന്ത്രണ്ടര ഏക്കർ ഭൂമി അനുവദിച്ചിരുന്നു. എന്നാൽ മൂന്നു കുടുംബങ്ങൾ മാത്രമാണ് ഇവിടെ ഭൂമി ഏറ്റെടുത്തത്. വിവിധ പ്രദേശങ്ങളിൽ നിന്ന് എത്തിയ ഇവർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുറവർ സമുദായക്കാരാണ്. പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്ത് ആസ്ഥാനത്തു നിന്നും ഏകദേശം എട്ട് കിലോമീറ്റർ ചീമേനി റൂട്ടിൽ സഞ്ചരിച്ചാൽ പുനരധിവാസ സ്ഥലത്തെത്താം. വിജനമായ ഈ പ്രദേശത്ത് റോഡരികിലായി നിരന്നു കിടക്കുന്ന പാറപ്പുറവും അതിൽ അങ്ങിങ്ങായി കെട്ടിയ മൂന്നു കുടിലുകളും. കുടിലുകളിൽ ആൾത്താമസമുണ്ടെന്ന് വിശ്വസിക്കാൻ പ്രയാസം. വിറകിൻ കഷ്ണങ്ങൾ കൊണ്ട് കെട്ടി ഉയർത്തിയ, ഓലയും പുല്ലും ടാർപോളിനും കൊണ്ട് മേൽക്കൂര മറച്ച ഈ കുടിലുകളിലാണ് കഴിഞ്ഞ മൂന്നു വർഷമായി മഴയും വെയിലുമേറ്റ് ഇവർ താമസിക്കുന്നത്. എല്ലാ വീട്ടുമുറ്റത്തും പട്ടികൾ കാവലുണ്ട്. ഇവിടുത്തെ മനുഷ്യ ജീവിതങ്ങൾക്ക് രക്ഷകരായി നിൽക്കുന്ന ജീവികൾ. കയറി വരുന്നവരെ സംശയത്തിന്റെ കണ്ണിലൂടെ അളന്ന് നോക്കാൻ ശീലിക്കപ്പെട്ടവർ. ചാക്കുകൾ കൊണ്ടും പാഴ്തുണികൾ കൊണ്ടും നിലം വിരിച്ചിരിക്കുന്നു. ഇരിപ്പിടങ്ങളോ കിടക്കാനുള്ള സൗകര്യങ്ങളോ ഇല്ല. അകത്ത് ഇരുട്ട് മാത്രം. ആ കൂരയിൽ നിന്നും പുറത്തേക്ക് ഇറങ്ങി വരുന്ന ഓരോരുത്തരുടെ മുഖത്തും വല്ലാത്ത നിസംഗതയാണ്. വേദനയും ദേഷ്യവും കൊണ്ട് കല്ലിച്ചു പോയ മുഖങ്ങൾ. തെളിച്ചമുള്ള ഒരു മുഖവും അവിടെ കണ്ടെത്താനാവില്ല. അവരുടെ അനുഭവങ്ങൾ അത്ര ലഘുവായിട്ടുള്ളതായിരുന്നില്ല.

മാറ്റിപ്പാർപ്പിക്കപ്പെട്ട സ്ഥലത്തെ ദുരിതങ്ങൾ പങ്കുവെക്കുകയാണ് പൊടിക്കുട്ടിയും സാറക്കുട്ടിയും കേശവനും രാജമ്മയും രാജനും അമ്മിണിയും.

**പൊടിക്കുട്ടി:** ഞങ്ങൾ വയനാട്ടിൽ നിന്ന് വന്നവരാണ്. അവിടെ സർക്കാരിന്റെ കൈവശമുള്ള അഞ്ച് സെന്റ് സ്ഥലത്തായിരുന്നു താമസം. ഞാനും ഭാര്യ സാറക്കുട്ടിയും മക്കളും അവരുടെ മക്കളും വർഷങ്ങളായി അവിടെത്തന്നെയാണ്. കൂലിപ്പണിയായിരുന്നു പ്രധാന വരുമാന മാർഗം. പാരമ്പര്യമായി കിട്ടിയ സ്വത്തുക്കൾ കാര്യമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കുറേ കാലം തൊഴിലന്വേഷിച്ച് പല ദേശങ്ങളിലായി അലഞ്ഞു നടന്നു. ജീവിതത്തിന്റെ നല്ലൊരു ഭാഗം സ്വന്തമായി ഭൂമിയോ നല്ല വീടോ ഇല്ലാതെ വളരെ കഷ്ടപ്പെട്ട് ജീവിച്ചു. മക്കൾക്കെങ്കിലും ഈ ഗതി വരുത്തരുതേ എന്ന ആഗ്രഹത്തിലാണ് ഭൂസമരത്തിൽ പങ്കെടുത്തതും ഒടുവിൽ ഇവിടെ എത്തിപ്പെട്ടതും. എല്ലാ പ്രതീക്ഷകളും ഇവിടെ എത്തിയതോടെ ഇല്ലാതായി.

**കേശവൻ:** ഞാനും ഭാര്യയും മക്കളും അടൂരിൽ സർക്കാർ ഭൂമിയിൽ താൽക്കാലിക കൂരയിലായിരുന്നു. ഈ ദുരിതത്തിന് അറുതിയാവുമെന്ന പ്രതീക്ഷയിലാണ് ചെങ്ങറ സമരത്തിൽ പങ്കെടുക്കാൻ പുറപ്പെട്ടത്. ഉപരോധങ്ങളും ആക്രമണങ്ങളുമായി മൂന്നു വർഷം സമരത്തിൽ ഞങ്ങൾ കുറേ കഷ്ടപ്പെട്ടു. കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങി. അപ്പോഴും മനസിൽ വല്ലാത്ത പ്രതീക്ഷയുണ്ടായിരുന്നു. കിടക്കാനും കൃഷി ചെയ്ത് ജീവിക്കാനും ഒരു തുണ്ടു ഭൂമി കിട്ടുമെന്ന പ്രതീക്ഷ. എന്നാൽ ഇവിടത്തെ അവസ്ഥ നിങ്ങൾ കണ്ടല്ലോ. പ്ലാസ്റ്റിക് ഷീറ്റുകൾ കൊണ്ടും ഓലകൾ കൊണ്ടും മേഞ്ഞ വീടു

കളിലാണ് ഞങ്ങളുടെ ജീവിതം. കുടിൽ കെട്ടാൻ 3000 രൂപയാണ് ഞങ്ങൾക്ക് ആദ്യം അനുവദിച്ചത്. ആ പൈസ കൊണ്ട് കെട്ടിയ താണിത്. ഏതു കാറ്റിലും മഴയിലുമാണ് ഇത് തകർന്ന് വീഴുക എന്നറിയില്ല. കഞ്ഞി വെക്കണമെങ്കിൽ വീടിന് പുറത്ത് അടുപ്പ് കൂട്ടണം. സ്വസ്ഥമായി കിടന്നുറങ്ങാനും നിന്നു തിരിയാനും കൂരയിൽ സ്ഥലമില്ല. പല സ്ഥലങ്ങളിൽ ചിതറിപ്പോയ ഞങ്ങളുടെ കുടുംബങ്ങൾക്ക് കണ്ടുമുട്ടാൻ സാധിക്കുന്നില്ല. ഒന്ന് സമാധാനത്തോടെ ജീവിക്കാൻ ഞങ്ങൾക്ക് കഴിയുന്നുണ്ടോ.

**ഭാസ്കരൻ:** ഞാനും ഭാര്യയും കുടുംബവും പത്തനാപുരത്ത് കോളനിയിൽ അഞ്ച് സെന്റ് സ്ഥലത്താണ് വർഷങ്ങളായി താമസിച്ചത്. കുടികിടപ്പായി കിട്ടിയ സ്ഥലമായിരുന്നു. മറ്റ് രേഖകളൊന്നും ഉണ്ടായിരുന്നില്ല. അതിന് മുമ്പ് 22 വർഷം പറക്കോട് പുറമ്പോക്ക് ഭൂമിയിൽ താൽകാലിക കുടിൽ കെട്ടി താമസിക്കുകയായിരുന്നു. പിന്നീട് കൂലിപണിക്ക് വേണ്ടി പത്താനാപുരത്ത് എത്തിയതാണ്.

**പൊടിക്കുട്ടി:** ഞങ്ങളാരും സ്വന്തമായി സ്ഥലമുണ്ടായി സമരത്തിന് പോയ ആൾക്കാരല്ല. മരിച്ചാൽ  പോലും ഞങ്ങളെ അടക്കാൻ ഒരു സ്ഥലമില്ല. മരിച്ചാൽ ഞങ്ങളെ പാറപ്പുറത്ത് വെച്ച് ഉണക്കേണ്ട സ്ഥതിയല്ലെ. ആയ കാലത്ത് ജന്മിമാരുടെ കൂലിപ്പണിക്കാരായിരുന്നവരുടെ മക്കളാണ് ഞങ്ങൾ. അന്ന് അവർ ഞങ്ങൾക്ക് വേണ്ടി ഉണ്ടാക്കാൻ നോക്കിയിട്ടില്ല, ജന്മിക്ക് വേണ്ടി ഉണ്ടാക്കാനേ നോക്കിയിട്ടുള്ളൂ. സ്വന്തമായി ഭൂമി ഉണ്ടാക്കുന്നതിനെക്കുറിച്ച് അവർ അന്ന് ചിന്തിച്ചിട്ടുണ്ടായിരുന്നില്ല. ഇവിടെ ഞങ്ങൾക്ക് മൂന്ന് കുടുംബങ്ങൾക്കും അമ്പത് സെന്റ് സ്ഥലം വീതമാണ് കിട്ടിയത്. സ്ഥലം കിട്ടിയാൽ മക്കൾക്ക് വേണ്ടി കരുതാമെന്ന് കണക്കാക്കിയിരുന്നു. എന്നാൽ ഇങ്ങനെ കിട്ടുമെന്നല്ല പ്രതീക്ഷിച്ചത്. ഈ പാറപ്രദേശത്ത് ഞങ്ങൾ എന്തു ചെയ്യാനാണ്. ഇത് മാറ്റിത്തരാൻ അധികാരികളോട് എത്രതവണ ആവശ്യപ്പെട്ടതാണ്, ഒന്നിനും ഇതുവരെ അനുകൂലമായ മറുപടി കിട്ടിയിട്ടില്ല. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാത്ത ദിവസങ്ങളില്ല. പരാതി അയക്കാത്ത ഉദ്യോഗസ്ഥരില്ല. എന്നിട്ടും ഫലമില്ല. മുകളിൽ നിന്ന് ഓർഡർ വരുന്നില്ലെന്നാണ് അവർ പറയുന്നത്. പന്ത്രണ്ട് കൊല്ലത്തേക്ക് ഈ ഭൂമി വിൽക്കാൻ പാടില്ലെന്നാണ് സർക്കാർ നിയമം. ഒന്നുകിൽ ഞങ്ങളെ ഇത് വിൽക്കാൻ അനുവദിക്കണം. വിറ്റിട്ട് ഞങ്ങൾ വേറെ എവിടെയെങ്കിലും മണ്ണുള്ള സ്ഥലം കണ്ടെത്തി ജീവിച്ചോളാം. അല്ലെങ്കിൽ കൃഷിയോഗ്യമായ സ്ഥലം നൽകണം. ഈ ജില്ലയിൽ കൃഷി യോഗ്യമായ മറ്റ് സ്ഥലങ്ങൾ ഉണ്ട്. പക്ഷെ വമ്പൻമാരിൽ നിന്ന് ഞങ്ങൾക്കത് വാങ്ങിത്തരാൻ അധികാരികൾക്ക് കഴിയില്ല. ഹാരിസൺ മലയാളം അനധികൃതമായി കൈവശം വെച്ചിരി



പാറപ്രദേശത്ത് പച്ചക്കറി കൃഷിക്കുള്ള ശ്രമം

ക്കുന്ന ഭൂമി തിരിച്ചു പിടിക്കാൻ സർക്കാരിന് കഴിയില്ല. മറിച്ച് ഞങ്ങളെപ്പോലുള്ളവർ ഈ പാറ ഭൂമിയുടെ നികുതിയടച്ചില്ലെങ്കിൽ അവർ ജപ്തി നോട്ടീസ് അയക്കും. ഞങ്ങൾ മൂന്നു കുടുംബങ്ങൾ ഇവിടെ ഒറ്റപ്പെട്ടു പോയി. ഞങ്ങൾക്ക് ഒന്നും ചെയ്യാനാവുന്നില്ല. ഇവിടത്തെ 32 കുടുംബങ്ങളും എത്തിയിരുന്നെങ്കിൽ ഒറ്റക്കെട്ടായി എന്തെങ്കിലുമൊക്കെ ചെയ്യാമായിരുന്നു.

**അമ്മിണി:** കൃഷിക്ക് വേണ്ടി ഞങ്ങൾക്ക് അമ്പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ട് ഈ പാറപ്പുറത്ത് എന്തു ചെയ്യാനാണ്. കുറച്ച് മണ്ണിട്ട് ചെറിയ രീതിയിൽ പച്ചക്കറികൾ നട്ടുപിടിപ്പിക്കുന്നുണ്ടെങ്കിലും അത് കുറുക്കനും പട്ടിയും നശിപ്പിക്കും. ഞങ്ങളിവിടെ ചത്തോ ജീവിച്ചോ എന്ന് നോക്കാൻ പോലും ആരും വരുന്നില്ല.

**സാറക്കുട്ടി:** ഞങ്ങൾ കൂലിപ്പണിയെടുത്ത് ഇനി എത്രകാലം ജീവിക്കും. പ്രായമായില്ലേ. തൊഴിലുറപ്പ് പദ്ധതി ഉണ്ടെങ്കിലും തുച്ഛമായ തുകയാണ് കിട്ടുന്നത്. അത് എപ്പോഴും ഇല്ലല്ലോ. പരിചയമില്ലാത്ത സ്ഥലമായതിനാൽ മറ്റ് പണികളും കുറവാണ്. മഴക്കാലത്തൊക്കെ പണി തീരെ ഉണ്ടാവില്ല. പട്ടിണി കിടക്കേണ്ട അവസ്ഥയാണ്.

**രാജമ്മ:** ഞങ്ങൾക്ക് ഇവിടെ കക്കൂസില്ല, കുളിമുറിയില്ല, കുടിക്കാനോ കുളിക്കാനോ വെള്ളമില്ല. രാത്രിയിൽ വെളിച്ചം പോലുമില്ല. കക്കൂസിൽ പോകണമെങ്കിൽ രാത്രിയാവാൻ കാത്തിരിക്കണം. കുടിവെള്ളത്തിനായി ഒരു കുഴൽക്കിണർ നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിലും കുടിക്കാനല്ല കുളിക്കാൻ പോലും പറ്റാത്ത സ്ഥിതിയാണ്. മണ്ണ് കലർന്ന വെള്ളമാണ് കിട്ടുന്നത്. ഇത് കുടിച്ച് ഞങ്ങൾക്ക് അസുഖമാണ്. മേലാസകലം ചൊറി പിടിച്ചു തുടങ്ങി. ചായയുടെയും കഞ്ഞിയുടെയും നിറം കണ്ടാൽ കുടിക്കാൻ തോന്നൂല്ല. കുടിവെള്ളത്തിനായി വേറെയും പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിലും വെള്ളമൊന്നുമില്ല. അയൽ വീടുകളിൽ നിന്നും കഷ്ടപ്പെട്ടാണ് പലപ്പോഴും കുടിവെള്ളം കൊണ്ടുവരുന്നത്. എന്തെങ്കിലും രോഗം പിടിപെട്ടാൽ ചികിത്സ തേടാൻ ആശുപത്രി സൗകര്യവും ഞങ്ങൾക്കില്ല. ഇവിടെക്കിടന്ന് ചാവുകയേ മാർഗമുള്ളൂ.

**പൊടിക്കുട്ടി:** പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ കെ.ആർ. നാരായണൻ കോ-ഓപ്പറേറ്റീവ് വില്ലേജ് ഇൻഹാബിറ്റൻസ് വെൽഫെയർ സൊസൈറ്റി കാസർഗോഡ് പെരിയയിൽ രൂപീകരിച്ചിരുന്നു. സൊസൈറ്റിയിൽ ചേരാൻ ഞങ്ങൾക്ക് താൽപര്യമില്ലെന്ന് അറിയിച്ചതാണ്. അത് ഞങ്ങൾക്ക് വേണ്ട. സൊസൈറ്റിയിലുള്ളവർക്ക് വീടുകൾ കെട്ടിക്കൊടുത്തിട്ടുണ്ട്. കോളനി മാതൃകയിലാണ് അത് നിർമ്മിച്ചിട്ടുള്ളത്. കോളനി ജീവിതം മടുത്ത് വന്നവരാണ് ഞങ്ങൾ. ഇനിയും അങ്ങനെ ജീവിക്കാൻ ആവില്ല. കൃഷിക്ക് വേണ്ടി പ്രത്യേകം സ്ഥലം അവർക്ക് അനുവദിച്ചിട്ടുണ്ട്. കൂട്ടുകൃഷി സമ്പ്രദായമാണ് അവിടുള്ളത്. സ്വതന്ത്രമായി ജീവിക്കാനുള്ള ഭൂമിക്ക് വേണ്ടിയാണ് ഞങ്ങൾ സമരം ചെയ്തത്. സൊസൈറ്റി രൂപീകരിച്ചതോടെ പുനരധിവസിക്കപ്പെട്ടവരെ രണ്ട് തട്ടിൽ കാണുന്ന രീതി ഉണ്ടായിട്ടുണ്ട്. പെരിയയിൽ വീടുകളുടെ താക്കോൽ ദാനത്തിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വന്ന സമയത്ത് ഞങ്ങളുടെ കാര്യത്തിൽ തീരുമാനം ഉണ്ടാക്കാമെന്ന് ഉറപ്പു പറഞ്ഞിരുന്നെങ്കിലും നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

കണ്ണൂർ ജില്ലയിൽ ഒടുവള്ളിയിലും കാസർഗോഡ് കള്ളാറിലും ചീമേനിയിലും നിരവധി കുടുംബങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇവരുടെ ജീവിതാവസ്ഥകളും വ്യത്യസ്തമല്ല. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭാഗമായി കാസർഗോഡ് പെരിയയിൽ അമ്പത് വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ടെങ്കിലും അതിന്റെ നിലവാരവും സൗകര്യവും സംബന്ധിച്ച് ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. തൊഴിൽ സുരക്ഷയ്ക്ക് വേണ്ടി ആരംഭിച്ച തയ്യൽ പരിശീലനം, പേപ്പർ ഗ്ലാസ് നിർമ്മാണം തുടങ്ങിയവ പരിശീലകരുടെ അഭാവം കാരണം സജീവമായി മുന്നോട്ടു പോകുന്നില്ല. ഭക്ഷ്യ സുരക്ഷ എന്ന പേരിൽ ഓരോ കുടുംബത്തിനും രണ്ട് പശുക്കളെ വീതം നൽകിയിരുന്നു. എന്നാൽ പശുക്കളുടെ ഗുണനിലവാരവും അതിനെ പരിപാലിക്കാനുള്ള സാഹചര്യമില്ലായ്മയും ഈ പദ്ധതി കാര്യമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് തടസം നിൽക്കുന്നുണ്ട്. കുടിവെള്ളത്തിന് കുഴൽക്കിണറുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും എല്ലാവർക്കും ഒരേ പോലെ ലഭ്യമാക്കാൻ കഴിയുന്നില്ലെന്ന് ഉപഭോക്താക്കൾ പരാതി പറയുന്നു.

ഏകപക്ഷീയമായി നടപ്പിലാക്കുന്ന ഇത്തരത്തിലുള്ള പുനരധിവാസ പദ്ധതികൾ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നത്. ഭൂരാഹിത്യത്തിന്റെ പ്രശ്നങ്ങളെ പൂർണ്ണമായ തോതിൽ ഉൾക്കൊണ്ടുകൊണ്ടല്ലാതെ പ്രശ്നപരിഹാരം ശാശ്വതമാവില്ല. അധികാരി വർഗത്തെ അസ്വസ്ഥമാക്കിക്കൊണ്ട് മാത്രമേ ഇക്കാര്യത്തിൽ ബഹുപക്ഷമായൊരു ഇടം സാധ്യമാവൂ. ■